പത്രക്കുറിപ്പ്
13-3-2017

# സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയും ഉറപ്പാക്കാൻ കുടുംബശ്രീയുടെ നേതൃത്വത്തിൽ വിജിലന്റ് ഗ്രൂപ്പുകൾ

തിരുവനന്തപുരം: സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായ അയൽക്കൂട്ട പ്രദേശം, സഞ്ചാരസ്വാതന്ത്ര്യം, അവകാശസംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ അയൽക്കൂട്ട വനിതകളുടെയും റിസോഴ്സ് പേഴ്സൺമാരുടെയും നേതൃത്വത്തിൽ വാർഡുതലത്തിൽ വിജിലന്റ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നു. അന്തർദേശീയ വനിതാ ദിനത്തോടനുബന്ധിച്ച് 11, 12 തീയതികളിൽ സംസ്ഥാനമൊട്ടാകെ സംഘടിപ്പിച്ച വാർഡുതല സംഗമത്തിലാണ് വിജിലന്റ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് തുടക്കമിട്ടത്.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരേയുള്ള ലൈംഗികാതിക്രമങ്ങൾ തടയുകയും അതോടൊപ്പം സുരക്ഷിതമായ ഗാർഹികാന്തരീക്ഷവും സാമൂഹികാന്തരീക്ഷവും ഒരുക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് വിജിലന്റ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഓരോ പ്രദേശത്തും അതിക്രമങ്ങൾക്കു വിധേയരാകുന്നവരോ അതിനു സാധ്യതയുള്ളവരെയോ കണ്ടെത്തുകയും പിന്നീട് കുടുംബശ്രീ ജെൻഡർ കോർണർ, ജാഗ്രതാസമിതി മുഖേന നിയമസഹായം ഉൾപ്പെടെ ആവശ്യമായ പരിഹാരമാർഗങ്ങൾ ലഭ്യമാക്കുകയുമാണ് വിജിലന്റ് ഗ്രൂപ്പുകളുടെ ചുമതല. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാതിനിധ്യവും ഉറപ്പാക്കിക്കൊണ്ടായിരിക്കും വിജിലന്റ് ഗ്രൂപ്പുകളുടെ പ്രവർത്തനം. ഇതോടൊപ്പം കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള കമ്യൂണിറ്റി കൗൺസിലർമാർ മുഖേന അതത് പ്രദേശങ്ങളിൽ എല്ലാ മാസവും കൗൺസിലിംഗും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കും. ഓരോ വാർഡിലും രൂപീകരിക്കുന്ന വിജിലന്റ് ഗ്രൂപ്പുകളിൽ അതത് വാർഡുകളിലെ അയൽക്കൂട്ട വനിതകളുടെ പങ്കാളിത്തവും നേതൃത്വവും ഉറപ്പാക്കിയിട്ടുണ്ട്. ഇതുവഴി അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനും തടയുന്നതിനുമാവശ്യമായ മാർഗങ്ങൾ വേഗം കണ്ടെത്താൻ കഴിയുമെന്നതാണ് പ്രത്യേകത.

സി.ഡി.എസ്, എ.ഡി.എസ് പ്രവർത്തകർ, അംഗൻവാടി അമ്മമാരുടെ കമ്മിറ്റി, ബാലസഭാ പ്രവർത്തകർ, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, സാമൂഹ്യപ്രവർത്തകർ, സാംസ്കാരിക സംഘടനകൾ എന്നിവർ കൂടി ഉൾപ്പെട്ടതാണ് വിജിലന്റ് ഗ്രൂപ്പുകൾ. സംസ്ഥാനമൊട്ടാകെ ഈ സംവിധാനം ശക്തിപ്പെടുത്തുന്നതിലൂടെ സ്ത്രീ-ശിശു സൗഹൃദ പ്രദേശങ്ങൾ രൂപീകരിക്കാനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ